# കറുത്ത ചെട്ടിച്ചികൾ

പേരാറ്റുനീരായ ചെമ്പിച്ച പൈക്കളെ-
ധാരാളമാട്ടിത്തെളിച്ചുകൊണ്ടങ്ങനെ

എത്തീ കിഴക്കൻമല കടന്നിന്നലെ-
യിത്തീരഭൂവിൽക്കറുത്ത ചെട്ടിച്ചികൾ.

മാരിവില്ലെന്നേ നിനച്ചുപോയ് നാം മനോ-
ഹാരിഭൂഭംഗിയാൽ സ്തബ്ധരായോഷമാർ

ചായം പിഴിഞ്ഞോരു ചേല ചുറ്റിപ്പുത-
ച്ചായതമാകുമസ്സാനുവിൽ നില്ക്കവേ.

ചുണ്ടും പിളുത്തിച്ചുരുളൻമുടിയുമായ്
മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം.

പെറ്റെണീക്കുംമുമ്പു കണ്ണടച്ചാളഹോ
പറ്റേ വിളർത്തൊരക്കാലവർഷാംഗന,

പോന്നുവന്നാരേ ചുരന്ന മുലയുമായ്-
പ്പൂർവാംബുരാശിയെപ്പെറ്റൊരിമ്മങ്കമാർ!

ഭാഗ്യം കെടില്ലൊരു നാട്ടിനു, മുണ്ടയൽ-
പക്കങ്ങളെങ്കിൽസ്സഹകരിച്ചീടുവാൻ.

ഇന്നെന്തഴകീക്കറുമ്പിക്കിടാത്തികൾ-
ക്കെന്റെ നാട്ടാരുടെ കണ്ണിലെന്നോ, രസം!

ഇന്നിവർ പേശും തമിഴ് തമിഴല്ലതാ-
നിന്നിവർ പാടുന്ന പാട്ടേ മനോഹരം.

കെട്ടിപ്പുണരുവാൻ കൈനീട്ടി നില്ക്കയാം
കേരമനോഹരകേരളത്തോപ്പുകൾ!

ഞാനോർത്തുപോകയാ,ണിമ്മലനാടതി-
ദൂനസ്ഥിതിയിലകപ്പെട്ട നാൾകളിൽ

ഇങ്ങോടിയെത്തിത്തുണയ്ക്കുവാൻ നിന്നവർ
മുങ്ങിക്കുളിക്കാത്ത കൊങ്ങരാണെപ്പൊഴും.

വാളയാറപ്പുറമെത്തുന്നതിൻ മുമ്പു
കൂലി കൊടുത്തു നാം–'സംസ്കാരമറ്റവർ!'

നൂനം മഹോന്നതം തന്നേ മലനാടു
മാനിച്ചുയർത്തിപ്പിടിക്കുന്ന മേന്മകൾ.

ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ!

മാളികവീട്ടിലെയാളുകൾക്കിന്നലെ-
ത്താളമുരജമടിച്ചുകേൾപ്പിക്കുവാൻ,

ചെറ്റക്കുടിലിലിലെദ്ദമ്പതിമാർകളെ
മുറ്റും മുഴുകെത്തഴുകിച്ചുറക്കുവാൻ,

തെങ്ങിന്റെ പച്ചക്കുരൽകളിൽപ്പുത്തനാം
തിങ്കൾക്കലകളുദിപ്പിയ്ക്കുവാനുമേ.

എത്തീ കിഴക്കൻമല കടന്നിന്നലെ-
യിത്തീരഭൂവിൽക്കറുത്ത ചെട്ടിച്ചികൾ.

നന്ദി പറയുന്നു നിങ്ങൾക്കു നീലച്ച
സുന്ദരിമാരേ, വിധേയമിക്കേരളം.

എത്തുമല്ലോ നിങ്ങൾ വീണ്ടുമിത്തീരത്തി-
ലേറെദ്ദിനങ്ങൾ കഴിവതിൻമുമ്പുതാൻ:

നിങ്ങൾതൻ പാലുണ്ട പുന്നെല്ലു കൊയ്തെടു-
ത്തെങ്ങൾ പത്തായം നിറച്ചു വാഴുന്ന നാൾ,

മഞ്ഞിൽ വിടർന്ന നിലാവു ചൂടിക്കൊണ്ടു
മഞ്ജുനിശകളിങ്ങൂയലാടുന്ന നാൾ,

മാൺപെഴുമാൺകുയിൽ കുകിത്തളരവേ
മാമ്പൂ വിടർന്ന മണം ചൊരിയുന്ന നാൾ,

കുപ്പിവളകളും ചാന്തുസിന്ദൂരവും
ചീർപ്പുകണ്ണാടിയും മട്ടിപ്പശയുമായ്

മങ്കമാരേ, നിങ്ങൾ വീടുകൾതോറുമേ
മംഗല്യവാണിഭം കൊണ്ടുനടക്കവേ,

എന്തൊരു പാപപരിഹരണാർത്ഥമോ
ചിന്തു പാടിപ്പാടിയൂരുചുറ്റീടവേ

കാണാ,മറിയുമേ കണ്ടാൽ; മറക്കാത്ത-
താണക്കറുത്ത മുഖങ്ങളൊരിക്കലും